## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6364 11/07/2012 - ൽ മറുപടിക്ക്

### കൊല്ലം ജില്ലയിലെ ഫിഷറീസ് റോഡ് നിർമ്മാണത്തിന് ഭരണാനുമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.എസ്. ജയലാൽ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ കൊല്ലം ജില്ലയിൽ ഫിഷറീസ് റോഡ് നിർമ്മാണത്തിലേക്കായി ഭരണാനുമതി നൽകിയിരുന്നുവോ.; എങ്കിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയെന്ന് തുക ഉൾപ്പെടെ അറിയിക്കുമോ; | (എ) ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടു മാസത്തിനുള്ളിൽ ആകെ 28 റോഡുകൾക്ക് 591.65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഉൾനാടൻ മത്സ്യബന്ധന കുടുംബങ്ങളും ഏറെ താമസിക്കുന്ന ചാത്തന്നൂർ മണ്ഡലത്തിലെ പരവൂരും സമീപ പ്രദേശങ്ങളിലെയും റോഡുകൾ കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് നിവേദനം ലഭിച്ചിരുന്നുവോ; | (ബി) നിവേദനം ലഭിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത റോഡുകൾക്ക് കൂടി ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) 2012-13 വർഷത്തെ അംഗീകൃത ലിസ്റ്റ് രണ്ടിൽ ചാത്തന്നൂർ മണ്ഡലത്തിലെ രണ്ട് തീരദേശ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ